REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 06-08-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

1. **ലോക്സഭയിലും രാജ്യസഭയിലും ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു.**
2. **പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ, കർത്തവ്യ ഭവൻ രാഷ്ട്രത്തിന് സമർപ്പിക്കും.**
3. **മേഘവിസ്ഫോടനമുണ്ടായ ഉത്തരാഖണ്ഡിലെ ധരാലിയിൽ ദുരിതാശ്വാസ- രക്ഷാപ്രവർത്തനങ്ങൾ തുടരുന്നു.**
4. **റിസർവ് ബാങ്ക് പണനയ അവോലകന നയം പ്രഖ്യാപിച്ചു.**
5. **സംസ്ഥാനത്ത് 43,000 കുടുംബങ്ങളുടെ മുൻഗണനാ റേഷൻ കാർഡുകൾ മന്ത്രി GR അനിൽ വൈകിട്ട് തിരുവനന്തപുരത്ത് വിതരണം ചെയ്യും.**
6. **തൃശൂർ പാലിയേക്കര ദേശീയപാതയിലെ ടോൾ പിരിവ് നിർത്തിവെക്കാൻ ഹൈക്കോടതി ഉത്തരവ്.**

## വാർത്തകൾ വിശദമായി

ലോക്സഭയിലും രാജ്യസഭയിലും ഇന്നും പ്രതിപക്ഷ ബഹളം. വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ പ്രതിഷേധം കാരണം ഇരുസഭകളും ഉച്ചയ്ക്ക് രണ്ട് മണി വരെ നിർത്തിവെച്ചു.

രാവിലെ 11-ന് ലോക്സഭ സമ്മേളിച്ചപ്പോൾ 1945 ലെ ഹിരോഷിമ, നാഗസാക്കി അണുബോംബ് ആക്രമണത്തിലെ ഇരകൾക്ക് സ്പീക്കർ ഓം ബിർള ആദരാഞ്ജലിയർപ്പിച്ചു. കൂട്ടനശീകരണ ആയുധങ്ങളില്ലാത്ത ഒരു ലോകത്തിന് രാജ്യത്തിന്റെ പ്രതിബദ്ധത പ്രധാനമാണെന്ന് ഓം ബിർള പറഞ്ഞു. ആണവായുധങ്ങളില്ലാതാക്കാനും, ആഗോള സമാധാനവും ഐക്യവും

ഉറപ്പാക്കാനും കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നാഗസാക്കിയിൽ ജീവൻ നഷ്ടപ്പെട്ട ജനങ്ങളോട് ആദരസൂചകമായി അംഗങ്ങൾ മൗനമാചരിച്ചു. അതിനുശേഷം ചോദ്യോത്തരവേള തുടങ്ങുന്നതിന് സ്പീക്കർ ശ്രമിച്ചെങ്കിലും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കി. ബഹളം തുടർന്നപ്പോൾ സ്പീക്കർ ഉച്ച രണ്ട് വരെ സഭ നിർത്തിവെച്ചു.

രാജ്യസഭ 11 മണിയ്ക്ക് ചേർന്ന് അന്തരിച്ച മുൻ സഭാംഗം സത്യപാൽ മാലികിന് ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് സഭാനടപടികൾ ആരംഭിച്ചെങ്കിലും പ്രതിപക്ഷ പ്രതിഷേധം തുടങ്ങി. ബഹളം കാരണം ഉച്ചയ്ക്ക് രണ്ട് മണിവരെ സഭ നിർത്തിവെച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ, കർത്തവ്യ ഭവൻ - മൂന്ന് രാഷ്ട്രത്തിന് സമർപ്പിക്കും. പിന്നീട് നടക്കുന്ന പൊതുപരിപാടിയേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

.....ഡെസ്ക് റിപ്പോർട്ട്.....

.........(വോയ്സ്)...............

ഡൽഹിയിലെ വിവിധ മന്ത്രാലയങ്ങളെയും വകുപ്പുകളെയും ഒരു കൂടക്കീഴിലാക്കി കാര്യക്ഷമത, നവീകരണം, സഹകരണം എന്നിവ വർദ്ധിപ്പിക്കുന്നതിനാണ് കർത്തവ്യ ഭവൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേന്ദ്രമന്ത്രി മനോഹർ ലാൽ ന്യൂഡൽഹിയിൽ അറിയിച്ചു. ഭരണ നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിനും, വേഗം കൂട്ടുന്നതിനും ലക്ഷ്യമിടുന്ന പൊതു സെൻട്രൽ സെക്രട്ടറിയേറ്റ് കെട്ടിടങ്ങളിൽ ആദ്യത്തേതാണ് കർത്തവ്യ ഭവൻ.

രണ്ട് ബേസ്മെന്റുകളിലും ഏഴ് നിലകളിലുമായി ഏകദേശം ഒന്നര ലക്ഷം ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ആധുനിക ഓഫീസ് സമുച്ചയമാണ് കർത്തവ്യ ഭവൻ -3.

✪✪✪

ഉത്തരാഖണ്ഡിലെ ഉത്തരകാശി ജില്ലയിലെ മേഘവിസ്ഫോടനമുണ്ടായ ധരാലിയിൽ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ തുടരുന്നു. സൈന്യം, കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ സേന, ജില്ലാ ഭരണകൂടം, മറ്റ് ഏജൻസികൾ എന്നിവരുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം. ഇതുവരെ 130-ലധികം ആളുകളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ചു.

പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമിയുമായി ഫോണിൽ സംസാരിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. സംസ്ഥാന ഗവൺമെന്റിന്റെ മേൽനോട്ടത്തിൽ രക്ഷാപ്രവർത്തനത്തിന് സാധ്യമായ എല്ലാ വഴികളും സ്വീകരിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ആഭ്യന്തരമന്ത്രി അമിത്ഷായും മുഖ്യമന്ത്രിയുമായി രക്ഷാപ്രവർത്തനം ചർച്ച ചെയ്തു.

ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ദുരിതബാധിത പ്രദേശങ്ങളിൽ വ്യോമ നിരീക്ഷണം നടത്തി. ഡെറാഡൂണിലെ സംസ്ഥാന അടിയന്തര പ്രതികരണ കേന്ദ്രത്തിൽ നിന്ന് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി

✪✪✪

ധരാലിയിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണെന്ന് BJP എം പി ത്രിവേന്ദ്ര സിംഗ് റാവത്ത് അറിയിച്ചു. കേന്ദ്രഗവൺമെന്റും ഉത്തരാഖണ്ഡ് ഗവൺമെന്റും സംയുക്തമായാണ് രക്ഷാദൗത്യത്തിന് നേതൃത്വം നൽകുന്നത്. വിവിധയിടങ്ങളിൽ കുടുങ്ങിക്കിടക്കുന്നവരെ രക്ഷപ്പെടുത്തു ന്നതിന് ഹെലികോപ്ടറുകൾ സജ്ജമാക്കിയതായും അദ്ദേഹം പറഞ്ഞു.

✪✪✪

ഇന്ത്യയും - ഫിലിപ്പീൻസും ഉഭയകക്ഷി സഹകരണം തന്ത്രപരമായ പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫിലിപ്പീൻസ് പ്രസിഡന്റ് ഫെർഡിനാൻഡ് ആർ മാർക്കോസും ന്യൂഡൽഹിയിൽ നടത്തിയ ഉഭയകക്ഷി ചർച്ചകളിലാണ് തീരുമാനം. 2025 മുതൽ 2029 വരെ പഞ്ചവത്സര കർമ്മ പദ്ധതി ഇരുരാജ്യങ്ങളും അംഗീകരിച്ചതായി കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു.

ഇന്തോ-പസഫിക് മേഖലയിലെ സമാധാനം, സുരക്ഷ, സമൃദ്ധി എന്നിവ ഉറപ്പാക്കാൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധരാണെന്നും നരേന്ദ്രമോദി വ്യക്തമാക്കി. ഫിലിപ്പെയ്ൻസ് പ്രസിഡണ്ടിന്റെ അഞ്ച് ദിവസത്തെ ഇന്ത്യാ സന്ദർശനം ഇന്നലെയാണ് ആരംഭിച്ചത്.

✪✪✪

M.S സ്വാമിനാഥൻ ജന്മ ശതാബ്ദിയോട് അനുബന്ധിച്ച് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച വരെയാണ് സമ്മേളനം. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവും പ്രമുഖ കാർഷിക ശാസ്ത്രജ്ഞനുമായ MS സ്വാമിനാഥന്റെ സ്മരണയ്ക്കായി നാണയവും സ്റ്റാമ്പും ചടങ്ങിൽ പുറത്തിറക്കും.

ആരോഗ്യകരവും സന്തുഷ്ടവുമായ ജീവിതത്തിന് പരിസ്ഥിതി സൗഹൃദവും സുസ്ഥിരവുമായ കൃഷി രീതികൾ എന്ന ആശയത്തിലൂന്നി സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ ശാസ്ത്രജ്ഞർ, നയരൂപകർത്താക്കൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

റിസർവ് ബാങ്ക് പണനയ അവോലകന നയം പ്രഖ്യാപിച്ചു. റിപോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. പലിശ നിരക്കിൽ മാറ്റമില്ലെന്നും പണപ്പെരുപ്പ നിരക്ക് 2.1 ശതമാനമായി കുറഞ്ഞെന്നും അദ്ദേഹം പറഞ്ഞു. 2024-25 ലെ GDP വളർച്ച 6.5 ശതമാനമാണ്. പണപ്പെരുപ്പ നിരക്ക് 2025 ഏപ്രിലിൽ ആറു വർഷത്തെ ഏറ്റവും താഴ്ന്ന നിരക്കായ 3.2 ശതമാനമായി കുറഞ്ഞെന്നും അവലോകന നയം വ്യക്തമാക്കുന്നു.

✪✪✪

ഇന്ത്യ- റഷ്യ പ്രതിരോധ സുരക്ഷാ സഹകരണം ചർച്ച ചെയ്യുന്നതിന് ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ നാളെ മോസ്കോയിൽ മുതിർന്ന റഷ്യൻ ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തും. റഷ്യയിൽ നിന്ന് എണ്ണ വാങ്ങുന്നതിന്റെ പേരിൽ ഇന്ത്യൻ ഉത്പന്നങ്ങൾക്ക് 25 ശതമാനം തീരുവ ചുമത്തുമെന്ന് അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് അജിത് ഡോവലിന്റെ സന്ദർശനം. ഇന്ത്യയും റഷ്യയും തമ്മിലെ പ്രതിരോധ- വ്യവസായ രംഗത്തെ സഹകരണം ഡോവലിന്റെ കൂടിക്കാഴ്ചയിൽ പ്രധാന ചർച്ചാവിഷയമാകും.

✪✪✪

സംസ്ഥാനത്ത് 43,000 കുടുംബങ്ങളുടെ മുൻഗണനാ റേഷൻ കാർഡുകൾ മന്ത്രി GR അനിൽ വൈകിട്ട് തിരുവനന്തപുരത്ത് വിതരണം ചെയ്യും. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം, മാറി വരുന്ന സാമൂഹിക സാമ്പത്തിക ഘടകങ്ങൾക്കനുസരിച്ച്, ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തിയാണ് മുൻഗണനാ കാർഡുകൾ തയ്യാറാക്കിയത്.

✪✪✪

ഓണത്തോടനുബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് പ്രത്യേക ഭക്ഷ്യവിതരണ പദ്ധതികൾ പ്രഖ്യാപിച്ചു. ഈ മാസം കിലോയ്ക്ക് 10 രൂപ 90 പൈസ നിരക്കിൽ ഓണം സ്പെഷ്യൽ അരി വിതരണം ചെയ്യും. പിങ്ക് കാർഡ് വിഭാഗത്തിന് നിലവിലെ വിഹിതത്തിന് പുറമെ 5 കിലോ അരിയും, നീല

കാർഡുകാർക്ക് 10 കിലോയും ലഭിക്കും. എല്ലാ വിഭാഗങ്ങൾക്കും മണ്ണെണ്ണ വിതരണം ചെയ്യുമെന്നും ഗവണ്മെന്റ് അറിയിച്ചു.

✪✪✪

സമുദ്രാതിർത്തി ലംഘിച്ചെന്നാരോപിച്ച് 14 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ശ്രീലങ്കൻ നാവിക സേന അറസ്റ്റു ചെയ്തു. രണ്ട് ബോട്ടുകളിലായി രാമേശ്വരത്ത് നിന്ന് മത്സ്യബന്ധനത്തിന് പുറപ്പെട്ടവരാണ് അറസ്റ്റിലായത്.

✪✪✪

കേരള മീഡിയ അക്കാദമിയുടെ മാധ്യമപ്രതിഭാസംഗമം മന്ത്രി കെ എൻ ബാലഗോപാൽ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ഉച്ചയ്ക്ക് മാസ്കറ്റ് ഹോട്ടലിലാണ് ചടങ്ങ്. 2024-25 വർഷത്തെ ഫെലോഷിപ്പിന് അർഹരായവർക്ക് പുരസ്കാരം സമ്മാനിക്കും.

കൊവിഡ് കാലത്ത് മാറ്റിവെച്ച 2019-20 വർഷത്തെ ഫെലോഷിപ്പ് ജേതാക്കൾക്ക് മെമന്റോയും അക്കാദമി നടത്തിയ വാർത്താ അവതരണ മത്സര വിജയികൾക്ക് സമ്മാനവും ചടങ്ങിൽ മന്ത്രി നൽകും. കേരള മീഡിയ അക്കാദമിയുടെ നവീകരിച്ച വെബ്സൈറ്റും ബാലഗോപാൽ ഉദ്ഘാടനം ചെയ്യും.

✪✪✪

തൃശൂർ പാലിയേക്കര ദേശീയപാതയിലെ ടോൾ പിരിവ് നിർത്തിവെക്കാൻ ഹൈക്കോടതി ഉത്തരവിട്ടു. നാലാഴ്ചത്തേക്ക് ടോൾ പിരിവ് നിർത്താനാണ് കോടതിയുടെ നിർദ്ദേശം.

✪✪✪

സംസ്ഥാനത്ത് മഴ കുറഞ്ഞു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ജാഗ്രത മുന്നറിയിപ്പിൽ മാറ്റം വരുത്തി. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

✪✪✪

എഴുപത് പേരുടെ ജീവനെടുത്ത ഇടുക്കി പെട്ടിമുടി ദുരന്തത്തിന് ഇന്ന് അഞ്ച് വർഷം പൂർത്തിയാവുന്നു. 2020 ഓഗസ്റ്റ് ആറിന് രാത്രിയാണ് തോരാതെ പെയ്ത മഴയ്ക്കൊപ്പം ഉരുൾപൊട്ടലിന്റെ രൂപത്തിലെത്തിയ ദുരന്തം പെട്ടിമുടിയിൽ ലയങ്ങളിലുണ്ടായിരുന്ന 70 പേരുടെ ജീവനെടുത്തത്.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

--------വോയ്സ്.........

✪✪✪

കോഴിക്കോട് കോടഞ്ചേരി ഇരുവഴിഞ്ഞിപുഴ പതങ്കയത്ത് ഒഴുക്കിൽപ്പെട്ട് കാണാതായ മഞ്ചേരി കച്ചേരിപ്പടി സ്വദേശി അലൻ അഷ്റഫിന്റെ മൃതദേഹം കണ്ടെത്തി. തിരച്ചിലിന്റെ നാലാം ദിവസമായ ഇന്ന് സമീപത്തെ ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഡാമിൽ നിന്നാണ് 16 കാരനായ അലന്റെ മൃതദേഹം ലഭിച്ചത്. കോടഞ്ചേരി പൊലീസ് ഇൻക്വസ്റ്റ് നടത്തി മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറ്റി. ആറംഗ സംഘത്തോടൊപ്പം എത്തിയ അലനെ ഞായറാഴ്ച ഉച്ചയോടെയാണ് കുളിക്കുന്നതിനിടെ കാണാതായത്.

✪✪✪

കണ്ണൂർ മുൻ ADM കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് തുടരന്വേഷണം ആവശ്യപ്പെട്ട് നവീൻ ബാബുവിന്റെ ഭാര്യ കെ. മഞ്ജുഷ കണ്ണൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹർജി നൽകി.

പൊലീസ് കോടതിയിൽ സമർപ്പിച്ച കുറ്റപത്രത്തിൽ പാളിച്ചകളും പോരായ്മകളും ഉണ്ടെന്ന് കാണിച്ചാണ് ഹർജി.

✪✪✪

സ്വർണ്ണവില പവന് വീണ്ടും മുക്കാൽ ലക്ഷം കടന്നു. പവന് 80 രൂപ വർധിച്ച് 75,040 രൂപയായി. 9,380 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് തദ്ദേശതെരഞ്ഞെടുപ്പിന് വോട്ടർ പട്ടികയിൽ പേര് ചേർക്കാനും തിരുത്താനും നാളെ വരെ അവസരം. പേര് ഉൾപ്പെടുത്താൻ ഇതുവരെ പത്തു ലക്ഷത്തിലേറെ പേർ അപേക്ഷ നൽകി. ഈ മാസം 30 ന് അന്തിമ പട്ടിക പ്രസിദ്ധീകരിക്കും.

✪✪✪

സംസ്ഥാന സീനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഈ മാസം 17 ന് മലപ്പുറം കോട്ടപ്പടി സ്റ്റേഡിയത്തിൽ ആരംക്കും. 24 വരെയാണ് ചാമ്പ്യൻഷിപ്പ്. ആദ്യമത്സരത്തിൽ 17 ന് രാവിലെ കണ്ണൂർ കോട്ടയത്തെയും, വൈകിട്ട് മലപ്പുറം കൊല്ലത്തെയും നേരിടും.

✪✪✪

കണ്ണൂർ സർവകലാശാല യൂണിയന്റെ ഭാരവാഹി തിരഞ്ഞെടുപ്പ് ആരംഭിച്ചു. താവക്കര കാമ്പസിലെ ചെറുശ്ശേരി ഓഡിറ്റോറിയത്തിൽ ആണ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

യൂണിയൻ തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർണമായും വീഡിയോയിൽ ചിത്രീകരിച്ച് സൂക്ഷിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. വൈസ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് MSF സ്ഥാനാർഥിയായി മത്സരിക്കുന്ന നാജിയ റൗഫ് നൽകിയ ഹർജിയിലാണ് വരണാധികാരിയായ സ്റ്റുഡൻറ് സർവീസസ് ഡയറക്ടർക്ക് കോടതി നിർദേശം നൽ കിയത്.

അതേസമയം, തെരഞ്ഞെടുപ്പിനിടെ KSU, SFI, MSF വിദ്യാർത്ഥികൾ തമ്മിൽ സംഘർഷം ഉണ്ടായി. പൊലീസ് സ്ഥലത്തെത്തിയിട്ടുണ്ട്.

✪✪✪

---

*News Editor News Reader : വി കെ സുരേഷ്*
*NRTs: ഫസ്ന ഫാത്തിമ, : നിമിഷ ജി*
*DEO: ഷീബ*